കാട്ടിലെ പാഴ്മുളം തണ്ടിൽ നിന്നും പാട്ടിന്റെ പാലാഴി... ഒഴുകി എത്തിയ ഒരു ലോക്ക്ഡൗൺ ദിനത്തിലെ പ്രതിഭാ സമാഗമ വേളയിൽ നിന്നാണ് ഈയാഴ്ചയിലെ പ്രതിഭയെ കണ്ടെടുത്തത്. ദേശ് രാഗ ഗരിമയിലൊഴുകിയെത്തിയ നാദധാര.
പത്മവിഭൂഷൻ ഹരിപ്രസാദ്ചൗരസ്യയുടെ ശിഷ്യത്വത്തിൽ സ്വരസാഗരം താണ്ടുവാൻ ശ്രമം തുടരുന്ന സംഗീതോപാസകൻ

വ്യത്യസ്തമായ ജീവിത വഴികൾ താണ്ടി ബാങ്കിംഗിലേക്ക് കടന്നു വന്നൊരു മുൻപ്രതിരോധ സേനാനി.

ഈയാഴ്ചയുടെ പ്രതിഭ

**വിനീത് എ.ആർ**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**കരൂർ, തമിഴ്നാട്.**

പാട്ടിനോടിണിക്കം കൂടിയ പിതാവിൽ നിന്നാണ് പ്രചോദനം ഉൾക്കൊണ്ടത്.

കണ്ണൂരിലെ പാപ്പിനിശേരിയിൽ ശ്രീ രാധാകൃഷ്ണൻ,ശ്രീമതി വിശാലാക്ഷി ദമ്പതികളുടെ മകനായി ജനനം.
ശ്രീമതി വിശാലാക്ഷി, കേരള ക്ഷീര വികസന വകുപ്പിൽ പാപ്പിനിശേരിയിൽ ജോലി ചെയ്ത കാലം. സ്വകാര്യ കമ്പനി ജീവനക്കാരനായിരുന്ന പിതാവുമൊന്നിച്ചു അവിടെ ജീവിച്ചനാളുകളുടെ ഓർമ്മയിൽ കാവിലെ ഭജനകൾ ഇപ്പോഴും തുടി താളം കൊട്ടുന്നു. അമ്മയുടെ ജോലിയിലെ സ്ഥലം മാറ്റം അച്ഛന്റെ തറവാട്ടിനടുത്തെ ചേർത്തലയിലേക്കാകുമ്പോഴേക്കും വിദ്യാരംഭത്തിന് പ്രായമായി.
വിദ്യാരംഭം കുറിച്ചത് വിഖ്യാത സംഗീതജ്ഞനായ പട്ടണക്കാട് പുരുഷോത്തമന്റെ സവിധത്തിലും.

അയൽവീട്ടിലെ ആ വലിയ ഗായകന്റെ വീട്ടിൽ ഹാർമ്മോണിയം വായിച്ചിരുന്ന സ്വാമിജിയെപ്പോലെ ആകണം എന്ന ചിന്ത കൊണ്ടെത്തിച്ചത് കുടുംബ സുഹൃത്തായ സെബാസ്റ്റ്യൻമാസ്റ്ററുടെ അടുത്ത്. അദ്ദേഹം പിയാനൊ വായനയിലേക്ക് വിനീതിന്റെ വഴികൾ കാട്ടി. ഒപ്പം ശാസ്ത്രീയ സംഗീതത്തിലേക്കും വഴി തുടർന്നു. പനങ്ങാട് മഹാദേവൻ മാസ്റ്ററുടെ കീഴിൽ കർണ്ണാടിക് പുല്ലാങ്കുഴൽ വാദനം പഠിക്കുവാനവസരം കൈവന്നതും ഈ വേളയിൽ ചേർത്തല ECEK യൂണിയൻ ഹൈസ്ക്കൂളിലെ പഠന കാലത്ത് സംഗീതത്തിൽ ശ്രദ്ധ വച്ചുവെങ്കിലും മത്സരവേദികളിൽ നിന്ന് അകന്നു നിന്നു. കോളേജ് പഠനത്തിനായി സെന്റ് ആൽബേർട്സ് കോളേജിലെത്തിയപ്പോൾ ബോഡി ബിൽഡിംഗിൽ കമ്പമേറി സ്പോർട്സിലും ഒരു കൈവച്ചു.

സ്പോർട്സ് ഇനങ്ങളിൽ യൂണിവേഴ്സിറ്റി തലത്തിലും സംസ്ഥാന സബ്ജൂനിയർ തലത്തിലും സമ്മാനങ്ങൾ നേടി. അവിടെ നിന്ന് ലഭിച്ച അവസരത്തിലൂടെ ഇന്ത്യൻ നേവിയുടെ കമ്മ്യൂണിക്കേഷൻ വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആദ്യത്തെ പോസ്റ്റിംഗ് ഗോവയിലെ ഒരു ഷിപ്പിലും തുടർന്ന് ഗോവ നേവൽ ബേസിലും. ആ സമയത്ത് പിയാനൊ പഠനം തുടരുന്നതിനു കഴിഞ്ഞു. Trinity College of London ലെ ഗ്രേഡ് പരീക്ഷയിൽ വിജയിച്ചു.
ഗോവയിൽ കർണാട്ടിക് അദ്ധ്യാപകരുടെ അഭാവം ഹിന്ദുസ്ഥാനി പഠനത്തിലേക്കു നയിച്ച ഫ്ലൂട്ടും വോക്കലും കർണാടക ശൈലിയിൽ നിന്ന് വ്യത്യാസമായതിനാൽ തുടക്കത്തിൽ ഏറെ ബുദ്ധിമുട്ടി.
ഇതിനിടയിൽ ഗോവയിലെ ചില ബാൻഡുകളിൽ കീബോർഡിസ്റ്റായി പോയിരുന്ന സാഹസികതയും കൈമുതലായുണ്ട്. നിഷ്കളങ്കനായ തന്റെ സംഗീതാഭിരുചിയായിരുന്നു അതിന് പ്രേരണ! അനുവാദമില്ലാതെ സൈനികന് ഇതിലൊന്നും പങ്കെടുക്കുവാൻ പാടില്ലയെന്ന പാഠവും പഠിച്ച കഥ വിനീത് ഒരു പുഞ്ചിരിയോടെ പങ്കു വെയ്ക്കുന്നു.

തുടർന്ന്, മുംബൈയിൽ പോസ്റ്റിംഗ് ലഭിച്ചത് വലിയൊരു സ്വപ്നസാക്ഷാത്ക്കാരത്തിലേക്കാണ്.
ബാസുരിയിലൂടെ സംഗീത ലോകം കൈയിലേന്തിയ പദ്മവിഭൂഷൺ പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയെ കാണണമെന്നു മാത്രമായിരുന്നു മോഹം.

''പലതവണ പോയിരുന്നെങ്കിലും കാണാൻ പറ്റിയിരുന്നില്ല. ഒടുവിൽ ഒരു ഞായറാഴ്ച ആ ശ്രമങ്ങൾക്കു ഫലം കണ്ടു. ഞാൻ എന്റെ ആഗ്രഹം പറഞ്ഞു. ഒരു സൈനികനായത് കൊണ്ടാവണം, ശിഷ്യത്വം ലഭിക്കാനുള്ള എന്റെ ആഗ്രഹം അദ്ദേഹം കേട്ടു. അടുത്ത ക്ലാസ് തൊട്ട് വരാൻ പറഞ്ഞു''. വിനീതിന്റെ ആഹ്ളാദം തുടിക്കുന്ന വാക്കുകൾ.

അദ്ദേഹം പിന്നീട് ഭുബനേശ്വറിൽ തന്റെ 'ഗുരുകുലം' തുടങ്ങിയപ്പോൾ മുതൽ പലപ്പോഴും ലീവ് എടുത്തു അവിടെ പോയി.
അവിടെ താമസിച്ചു ഗുരുകുല സമ്പ്രദായത്തിൽ പഠനം തുടർന്നു. ഇപ്പോഴും തുടരുന്നു.

വിശ്വവിഖ്യാത ബാസുരി ഉപാസകന് കേരളത്തിൽ നിന്നുള്ള ഏക ശിഷ്യൻ എന്ന സ്ഥാനം നിതാന്ത പരിശ്രമത്തിലൂടെ നേടിയെടുത്തതിന്റെ ചാരിതാർത്ഥ്യം വിനീതിന്റെ വാക്കുകളിൽ നിറഞ്ഞു നിന്നു.

ഇതിനിടയിലും കർണ്ണാടക സംഗീത പരിശീലനം തുടർന്നു പോന്നു; നാട്ടിലെത്തിയ വേളയിലാകെ. ചേർത്തല
ശ്രീ അരുണാധരൻ മാഷ് കർണാടക സംഗീതം വോക്കലിലും ശ്രീ വിവേക് ഷേണായ് കർണാടിക് ഫ്ലൂട്ടിലും ഗുരുക്കൾ.

നാട്ടിലേക്കുള്ള യാത്ര ക്രമേണ കുറഞ്ഞതോടെ ഹിന്ദുസ്ഥാനിയിൽ തന്നെയായി മുഴുവൻ സമയം സാധനയും.

ഈ കാലത്ത് മുംബൈയിലും കൊച്ചിയിലുമൊക്കെയായി ചില പരസ്യങ്ങൾക്കും ജിംഗിൾസിനും വേണ്ടി ഫ്ലൂട്ട് വായിച്ചിരുന്നു.

നാട്ടിൽ വരുമ്പോൾ ഹാർമോണിയത്തിലോ കീബോർഡിലോ ഭജനകൾക്കു അകമ്പടിയും.

"സ്വയം സേവകൻ" എന്ന ഒരു ഷോർട്ട്ഫിലിമിന്റെ സംഗീതസംവിധാനവും നിർവഹിച്ചു .

ഇപ്പോൾ ഒരു ഷോർട്ട്ഫിലിമിന്റെ പണിപ്പുരയിലാണ്. കേരളത്തിലും പുറത്തുമായി ഹിന്ദുസ്ഥാനി ജുഗൽബന്ദിയും സോളോ കച്ചേരിയും അവതരിപ്പിക്കുവാൻ അവസരങ്ങളേറെയുണ്ടായി.

വൈക്കത്തമ്പലത്തിൽ വൈക്കത്തഷ്ടമിക്ക് പ്രശസ്ത സംഗീതജ്ഞർ സാക്ഷ്യം വഹിച്ച കച്ചേരി എക്കാലത്തേയും വലിയ അനുഭവമായി വിനീത് മനസ്സിലേറ്റുന്നു.

ഇന്ത്യൻ നേവിയിലെ സ്തുത്യർഹമായ സേവനത്തിൽ നിന്നു വിരമിച്ച ശേഷം 2017 ൽ ബാങ്കിംഗ് ടെസ്റ്റിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മാർക്കെറ്റിംഗ് എക്സിക്യൂട്ടീവ് തസ്തികയിൽ നിയമനം നേടി. ആദ്യപോസ്റ്റിംഗ് തമിഴ് നാട് കാർവഴി ശാഖയിൽ്തുടർന്ന് കരൂർ ശാഖയിലേക്ക്. ഇപ്പോൾ അവിടെ തുടരുന്നു.

പെയിന്റിംഗ്/ ഡ്രായിംഗ് കലയിൽ നിപുണയായ ശ്രീമതി വീണ വിശ്വൻ ഇമ്പമേറ്റുന്ന വിനീതിന്റെ കുടുംബക്കച്ചേരിയിൽ ആഭേരി , അഭിനവ് സാരംഗ് എന്ന രണ്ടു കല്ലോലിനികൾ സ്വരരാഗ പൂർണ്ണിമ ചാർത്തുന്നു. വീണ, ഇടപ്പള്ളി അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിസിയൊ തെറാപ്പിസ്റ്റായി ജോലി നോക്കുന്നു. ആഭേരി ഏഴിലും അഭിനവ് രണ്ടിലും പഠിക്കുന്നു. അവർ അമ്മയോടൊപ്പം എരമല്ലൂരിൽ താമസം. ക്ഷീരവികസന വകുപ്പിൽ നിന്ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി വിരമിച്ച അമ്മ, അച്ഛനോടൊപ്പം ചേർത്തലയിലെ തറവാട്ടിലും.

ലോക്ക്ഡൗൺ കാലത്ത് വിനീത് കുടുംബത്തോടൊപ്പം എറണാകുളത്തായിരുന്നു.
ഇളവു കിട്ടിയ സമയം അടുത്ത നാളിൽ കരൂരിൽ മടങ്ങി എത്തിയിരിക്കുന്നു.

ലോക്ക് ഡൗൺ നാളുകളിൽ സംഗീത സപര്യയിലൂടെ മനം കവർന്ന അനേകം പ്രതിഭകളുണ്ട് ടാലന്റ്ഡ് ബാങ്കേഴ്സിന്റെ പ്രതിഭാ പരിചയ ശ്രേണിയിൽ്അതിലൊരു തിളങ്ങുന്ന താരമായ സൂരജ് നല്ലൂരിന്റെ വാക്കുകൾക്ക് പ്രസക്തിയുണ്ട്.

"വിനീത് മാഷിന്റെ പുല്ലാംകുഴലിലൂടെ ദേശ് രാഗം കേട്ടപ്പോൾ ഹിന്ദുസ്ഥാനി പഠിക്കണം എന്ന മോഹം മനസ്സിൽ മുളപൊട്ടി.. ആഹാ എന്താ ഫീൽ..സ്വരങ്ങൾ ഇഴചേർന്നു വരുന്നൊരു മാന്ത്രികത".

ഈ വാക്കുകളാണ് വിനീതിലേക്കെത്തിച്ചതും അനിതരസാധാരണമായ സംഗീതാർപ്പണത്തിന്റെ പൊരുളറിയുവാൻ നമുക്കായതും.

പുല്ലാങ്കുഴലും വീണയും ആഭേരിയും സാരംഗും സ്വരസായി മീട്ടുന്ന ഈ സംഗീത പ്രതിഭക്ക് ടാലന്റഡ്ബാങ്കേഴ്സ് കൂട്ടായ്മയുടെ ആശംസകൾ നേരുന്നു.

വിനീതിന്റെ ഒരു പെർഫോമൻസ്
: https://www.facebook.com/100000674324690/posts/3206392092726570/?d=n

**English Version**

"Kaatile pazhmulam thandil ninnum paatinte paalazhi... " the ripples spread by this tune.. a fluidic naadadhaara that flowed to the desh raga, during a lockdown day Talented bankers meet led us to the discovery of this week's Talented Banker.. a banker-musician who continues his journey across the swarasaagara under the tutelage of none other than Padmavibhooshan Hariprasad Chaurasia.

A defence personnel who travelled over varied ways of living and ended up being a banker.

Vineeth.A.R
State Bank of India
Karur, Tamil Nadu

He was transported to the world of music by his father, a music lover. Born in Kannur Pappinisseri to the couple Sri. Radhakrishnan – Smt. Visalakshi during the time Smt. Visalakshi worked in Pappinisseri for the Dairy Development Department, Government of Kerala.. his memories of living there with his father who worked in a private company are filled with the reverberating thaalas of kaavu (abode or temple of snakes ) bhajans. By the time his mother got transfer to his father's hometown, Cherthala, it was time for his formal education to begin. His vidyarambham in music was done by none other than the famous musician Pattanakkad Purushothaman.

His craving to be like Swamiji who played harmonium at his neighbour, that famed musician's house took him to their family friend, Sebastian master, who guided Vineeth to play piano and also Carnatic music. Ig was around the same time that he got the chance to learn Carnatic flute under Panangad Mahadevan master. Though he learned music during his schooling from ECEK Union High school, he stayed away from participating in competitions. When he joined the St. Albert's college for his college education, he even tried his hand in body building.

He won many prizes at University level and State sub-junior level for sports. From the opportunity thus attained, he was chosen to the communication department of the Indian Navy. His first posting was in a ship in Goa and then in Goa Naval base. He continued his piano lessons even then. He passed the grade examination held by the Trinity college of London. As Carnatic music teachers were scarce in Goa, he started learning Hindustani music. Since the styles were different, he faced difficulties in learning both flute and vocal in the beginning. During this time, he even ventured to turn up as keyboardist in a few bands in Goa, prompted by his sheer innocent love of music! He also

shared the story of how he learnt the lesson that a Sainik should not attempt such acts without prior permission.

Then he got a posting in Mumbai, leading to a dream-come-true opportunity. His only dream was to meet the one and only Padmavibhooshan Hariprasad Chaurasia – the classical flautist who plays Bansuri, the Indian bamboo flute in the Hindustani tradition.

“Though I went many a time to meet him, I couldn’t. At last on a Sunday, my efforts were rewarded. I told him my wish. Maybe because I served the nation, he agreed to teach me, and asked me to attend his classes from the next day", Vineeth's words reflect his delight.

Later when the guru opened his ‘Gurukul' in Bhubaneswar, Vineeth took leave from work many times to attend the classes. He stayed there and learned in the ‘gurukula sambradaya’.. and is still learning.
The only Malayali disciple to the world famous flautist – Vineeth is grateful for the title he earned through his untiring efforts.

He continued his Carnatic music lessons too alongside – whenever he chanced to come home. His gurus-Sri. Arunadharan in Carnatic music vocal and Sri. Vivek Shenoy in Carnatic flute.

As his visits to Kerala became less frequent, he started concentrating on Hindustani music altogether.

During this time, he played flute for a few advertisements and jingles. When he visited his hometown, he played harmonium or keyboard for bhajans.

He composed music for a short film named “Swayam Sevakan". At present he is working on a short film. He has been blessed with many opportunities to perform Hindustani solo and jugalbandi in and outside Kerala.

He reminisces his kacheri witnessed by famed musicians during the Vaikom Ashtami at the Vaikom Mahadeva Temple as a wonderful experience.

After resigning from an untainted service in the Indian Navy, he joined the State Bank of India as a marketing executive through the test conducted in 2017. He was posted in Tamil Nadu Karvazhi branch from where he was transferred to Karur branch and he still serves there.

Smt.Veena Viswan, an artist interested in painting and drawing, adds colour to his musical life and they are blessed with Aabheri and Abhinav Sarang whose melodious chatter complete the unit. Veena is a physiotherapist in the Edappally Amritha Medical Institute. Aabheri is in the seventh and Abhinav in thd second grades. They are staying with their mother at Eramalloor. His mother who retired as the Administrative Assistant from the Ksheera Vikasana Board, stays with his father at their Cherthala tharavaadu.

During the lockdown period, Vineeth was with his family in Ernakulam. When the rules were relaxed, he returned to Karur. During the lockdown period, there are numerous talented bankers who enthralled us with their magical music and are part of the weekly TBs. One succh shining star, Sooraj Nellore says, “ When I heard Vineeth mash's flute play the desh raga, a desire sprouted in me to

learn Hindustani music.. aha, what feel! This is real magic woven together by the basic swaras.. “ These words led us to the unusually in-depth dedication of the person named Vineeth to the vast ocean of music.

We, the members of the Talented Bankers group wish this musical sorcerer who handles his flute,Veena, Aabheri and Sarang along with his banking jugglery a wonderful and harmonious journey ahead..

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, LHO Thiruvananthapuram